# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2660 12.02.2019-ൽ മറുപടിക്ക്

## മൃഗശാലകളുടെ നവീകരണം

**ചോദ്യം**
ശ്രീ.സി. ദിവാകരൻ

**ഉത്തരം**
ശ്രീ. കെ.രാജു
(ബഹു.വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മൃഗശാലകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | തിരുവനന്തപുരം മൃഗശാലയുടെ നവീകരണത്തിനായി കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മൃഗശാലകളുടെ നവീകരണത്തിനായി ജലപക്ഷികൾക്ക് വേണ്ടിയുള്ള വാസസ്ഥലത്തിന്റെ നിർമ്മാണം, സ്ത്രീ സൗഹാർദ്ദപരമായി, വിശ്രമ മുറിയോട് ചേർന്ന് ടോയ് ലറ്റ് ആന്റ് മദേഴ്സ് ഫീഡിംഗ് സെന്റർ, അക്വേറിയത്തിന്റെ നവീകരണം, ഇൻഡ്യൻ കാട്ടുപോത്തുകൾക്കുവേണ്ടിയുള്ള വാസസ്ഥലത്തിന്റെ നിർമ്മാണം, നീർനായയെ പാർപ്പിക്കുന്നതിനുള്ള പരിബന്ധനം എന്നിവയുടെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വംശനാശഭീഷണി നേരിടുന്ന വന്യമൃഗങ്ങളെ സന്ദർശകർക്കു പരിചയപ്പെടുത്തുന്നതിനു വേണ്ടി ഇന്റർ പ്രെട്ടേഷൻ സെന്ററിന്റെ നിർമ്മാണം, ചിത്രശലഭങ്ങൾക്കുവേണ്ടിയുള്ള പാർക്കിന്റെ നിർമ്മാണം, മൃഗശാലാ സ്റ്റോറിന്റെ നിർമ്മാണ പ്രവർത്തികൾ എന്നിവ ആരംഭിച്ചിട്ടുണ്ട്. കാണ്ടാമൃഗക്കൂടിന്റെ പരിബന്ധനത്തിലെ ഓടയുടെ നിർമ്മാണം, മ്ലാവിന്റെ കൂടിന്റെ അറ്റകുറ്റപ്പണികൾ, കടുവ കൂടുകളുടെ അറ്റകുറ്റപ്പണികൾ, കറുത്ത അരയന്നങ്ങൾക്കുവേണ്ടിയുള്ള പരിബന്ധനം, ജിറാഫ്, സീബ്ര എന്നീ മൃഗങ്ങളെ പാർപ്പിക്കുന്നതിനുള്ള പരിബന്ധനത്തിന്റെ റെക്ടിഫിക്കേഷൻ ജോലികൾ, മൃഗശാലയുടെ മതിലിന്റെ അറ്റകുറ്റപ്പണികൾ, കുരങ്ങൻ കൂടുകളുടെ നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് അനുമതി നൽകുകയും പന്നിമാൻകൂട്, കൃഷ്ണമൃഗത്തിന്റെ കൂട്, സിംഹത്തിന്റെ പരിബന്ധനത്തിലെ നൈറ്റ് ഷെൽട്ടറുകൾ, ഫീഡിംഗ് ക്യൂബിക്കിൾ, ക്രാൾ, ഗെയിറ്റിനോട് ചേർന്ന മതിൽ, ഒട്ടകപ്പക്ഷിക്കൂടിന്റെ |

| | | | |
|---|---|---|---|
| | | | അറ്റകുറ്റപ്പണികൾ എന്നിവ 2019-20 സാമ്പത്തിക വർഷത്തെ ഗ്രീൻബുക്ക് പദ്ധതിയിൽ അനുമതി ലഭ്യമായിട്ടുണ്ട്.<br><br>തൃശ്ശൂർ മൃഗശാലയിൽ അനാക്കോണ്ട പാമ്പുകൾക്ക് വേണ്ടിയുള്ള പരിബന്ധനത്തിന്റെ നിർമ്മാണം, ഉരഗങ്ങളുടെ പരിബന്ധനത്തിന്റെ അറ്റകുറ്റപ്പണി, സിംഹം, കടുവ, പുള്ളിപ്പുലി എന്നിവയുടെ കൂടുകളുടെയും മാൻ, ഒട്ടകപ്പക്ഷി, എമു, മയിൽ എന്നിവയുടെ കൂടുകളുടേയും അറ്റകുറ്റപ്പണികൾ ആരംഭിച്ചിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം മൃഗശാലയെ വലിയ മൃഗശാലകളുടെ പട്ടികയിലേയ്ക്ക് ഉയർത്തി കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകാരം നൽകിയിട്ടുണ്ട്.<br><br>തിരുവനന്തപുരം മൃഗശാലയിലേയ്ക്ക് നാഗാലാന്റ് മൃഗശാലയിൽ നിന്നും ഒരു ജോഡി ഹിമാലയൻ ബ്ലാക്ക് കരടികളേയും, കാൺപൂർ മൃഗശാലയിൽ നിന്നും ഒരു ജോഡി കഴുതപ്പുലികളേയും ലഭ്യമാക്കിയിട്ടുണ്ട്. വിദേശത്ത് നിന്നും ജിറാഫ്, സീബ്ര, വെള്ളസിംഹം, ബ്ലാക്ക് ജാഗ്വാർ എന്നീ മൃഗങ്ങളെ ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**